9090
21/5/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- തിരുവനന്തപുരം ജില്ലയിലെ കെ.എസ്.എഫ്.ഇ , നെടുമങ്ങാട് ശാഖയിൽ നിന്നും ശ്രീമതി. ശോഭന.കെ, ഐശ്വര്യ ഭവൻ, പുതുശ്ശേരി , ചെല്ലാംകോട്, നെടുമങ്ങാട്, എന്നയാൾ എടുത്ത വായ്പയുടെ തിരിച്ചടവ് വരുത്തുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(സാധാ) നം.662/2019/റവ. തീയതി,തിരുവനന്തപുരം, 26/02/2019

---

പരാമർശം:-

തിരുവനന്തപുരം ജില്ലാ കളക്ടറുടെ 11.10.2018 ലെ എ18-94374/16 നം. അർദ്ധ ഔദ്യോഗിക കത്ത്.

<u>ഉത്തരവ്</u>

ശ്രീമതി. ശോഭന.കെ, ഐശ്വര്യ ഭവൻ, പുതുശ്ശേരി , ചെല്ലാംകോട്, നെടുമങ്ങാട്, എന്നയാൾ മകളുടെ വിവാഹ ആവശ്യത്തിലേയ്ക്കായി തിരുവനന്തപുരം ജില്ലയിലെ കെ.എസ്.എഫ്.ഇ , നെടുമങ്ങാട് ശാഖയിൽ നിന്നും എടുത്ത വായ്പകളുടെ തിരിച്ചടവ് ഭർത്താവിന്റെ ചികിത്സയെ തുടർന്നുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം മുടങ്ങിയെന്നും അപേക്ഷകയുടെ കുടുംബ പശ്ചാത്തലവും സാമ്പത്തികാവസ്ഥയും കണക്കിലെടുത്ത്, ഒരു പ്രത്യേക കേസായി പരിഗണിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാവുന്നതാണെന്ന് പരാമർശം പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

മേൽ വിഷയം സർക്കാർ പരിശോധിച്ചു. ആയത് ഒരു പ്രത്യേക കേസായി പരിഗണിച്ച് രണ്ട് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനും , പ്രസ്തുത തുക വായ്പ കുടിശികയിൽ വരവ് വയ്ക്കുന്നതിനായി കെ.എസ്.എഫ്.ഇ , യ്ക്ക് കൈമാറുന്നതിന് ,തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ടി 2,00,000/- രൂപ ( രണ്ട് ലക്ഷം രൂപ മാത്രം ) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ ടി തുക അടിയന്തിരമായി കെ.എസ്.എഫ്.ഇ യ്ക്ക് കൈമാറി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത.എൽ
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

ജില്ലാ കളക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.

മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ ( File No: ASST-4/58/2017-CMCC പ്രകാരം)

റവന്യൂ (ഡി.ആർ.എഫ്--ബി, സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ